3. എരുമപ്പെട്ടി പഞ്ചായത്തിലെ ഭരണിച്ചിറ

4. ചൊവ്വന്നൂർ പഞ്ചായത്തിലെ കൂട്ടംകുളം

(സി) മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതികളുടെ പണികൾ പൂർത്തിയായിട്ടില്ല. പരിഗണനയിൽ ഉള്ളതിൽ ഭരണാനുമതി ലഭിച്ചവ താഴെപ്പറയും പ്രകാരമാണ്.

1. മുണ്ടത്തിക്കോട്ടു പഞ്ചായത്തിലെ പുളമനച്ചിറ

2. ചേലക്കര പഞ്ചായത്തിലെ കല്ലംകുളം

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിലെ ആവണിശ്ശേരിൽ പഞ്ചായത്തിലെ തിരുവണ്ടാംചിറകുളം പണി പൂർത്തിയായി. വല്ലച്ചിറ പഞ്ചായത്തിലെ വല്ലച്ചിറകുളം പരിഗണനയിലാണ്.

(ഇ) ഈ വിധത്തിലുള്ള ഒരു പദ്ധതിയും ഇപ്പോൾ പരിഗണനയിൽ ഇല്ല.

48 (1694) ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. ഇ.റ്റി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ജോലി ഏറ്റെടുത്ത് നടത്തുന്നതിന് ഗവൺമെന്റ് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ജോലിക്ക് 27.02.99 -ലെ ജി.ഒ.(ആർ.റ്റി.)8/991 ജല.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ജോലിയുടെ സുഗമമായ നടത്തിപ്പിന് ഭാരതപ്പുഴ റഗുലേറ്റർ-കം-ബ്രിഡ്ജ് അതോറിറ്റി എന്ന പേരിൽ ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നിയമവശങ്ങൾ പരിശോധിച്ചുവരുന്നു.

49 (1695) വർക്കല തുരങ്കം സുരക്ഷിതമാക്കുന്നതിന് നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലപാതയായ ടി.എസ്. കനാലിന്റെ നെടുങ്കണ്ട മുതൽ നടയറ കായൽവരെയുള്ള കനാൽ നന്നാക്കുന്നതിനും, വർക്കല തുരങ്കം സുരക്ഷിതമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നും ജോലി എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ?

(എ)&(ബി)തിരുവനന്തപുരം ഷൊർണൂർ കനാലിന്റെ ഭാഗമായ കോവളം മുതൽ നടയറവരെയുള്ള കനാലിന്റെ സമഗ്രവികസനത്തിനുവേണ്ടി 1950 ലക്ഷം രൂപ മതിപ്പു ചെലവ് വരുന്ന എസ്റ്റിമേറ്റ് ഉൾപ്പെടുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കാൻ സർക്കാർ നടപടി എടുത്തുവരുന്നുണ്ട്. കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത പ്രോജക്ടിന് ഫ്രഞ്ച് ഗവൺമെന്റിന്റെ സഹായം നേടിയെടുക്കുന്നതിനുള്ള നടപടികളും സർക്കാർ തലത്തിൽ എടുത്തുവരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയിലോ, ഫ്രഞ്ച് സഹായ പദ്ധതിയിലോ ഉൾപ്പെടുത്തി സഹായം ലഭിച്ചാൽ പ്രസ്തുത ജലപാത പൂർണ്ണമായും ഉദ്ധരിക്കാൻ കഴിയും. എന്നാൽ നെടുങ്കണ്ട മുതൽ നടയറ കായൽവരെയുള്ള ഭാഗത്തിൽ ഉൾപ്പെട്ട ചെയിനേജ് 39.760 കി.മീ. മുതൽ 40.360 കി.മീറ്റർ വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണത്തിന് വേണ്ടി 32 ലക്ഷം രൂപ മതിപ്പു ചെലവ് പ്രതീക്ഷിക്കുന്ന ഒരു എസ്റ്റിമേറ്റിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ടിംഗ് എൻജിനീയർ ദർഘാസ്സുകൾ ക്ഷണിച്ചിട്ടുണ്ട്. ദർഘാസ് ഉറപ്പിച്ചതിന് ശേഷം മാത്രമേ ജോലി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഈ ഭാഗത്ത് ജോലി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാൻ നിർവ്വാഹമില്ല.

50 (1696) വാളകം-കഴുങ്ങൂർ ആർ.ഡബ്ല്യു.സ്കീം

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കൂടി (കഴുങ്ങൂർ പഞ്ചായത്ത്) പ്രയോജനപ്പെടുന്ന വാളകം-കഴുങ്ങൂർ ആർ.ഡബ്ല്യു. സ്കീമിന്റെ വെള്ളം ഇപ്പോൾ കഴുങ്ങൂർ പഞ്ചായത്തിന് ലഭിക്കുന്നില്ല എന്ന കാര്യം ഗവൺമെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കീമിൽ നിന്നും വെള്ളം ലഭിക്കാത്തതുകൊണ്ട് മഞ്ഞനാട് വാട്ടർ സപ്ലൈ സ്കീം തുടങ്ങുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഇത് എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് പറയാൻ കഴിയുമോ;

(ഡി) കിഴക്കമ്പലം പഞ്ചായത്തിലേക്ക് കുടിവെള്ളം കൊടുക്കുന്ന പൊയ്യാക്കുന്ന് വാട്ടർ സപ്ലൈ സ്കീമിൽ നിന്നും ഇപ്പോൾ വെള്ളം ലഭിക്കുന്നുണ്ടോ;

(ഇ) വെള്ളം കിട്ടാനുള്ള എന്തെങ്കിലും മാർഗ്ഗം ഇപ്പോൾ ആലോചനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മഞ്ഞിനാട് ബോട്ട് സ്രോതസ്സായി ഒരു പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. 50 ലക്ഷം രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ റിപ്പോർട്ട് പരിശോധനയിലാണ്.

(സി) സാങ്കേതിക പരിശോധനയ്ക്കും, ധന ലഭ്യതയ്ക്കും, ഭരണാനുമതിക്കും വിധേയമായി പണി തുടങ്ങുന്നതാണ്.

(ഡി) ഇല്ല.

(ഇ) ഈ പദ്ധതിയിൽ ട്രയൽ റൺ നടത്തുന്നതിലേക്കായി ശുദ്ധജല വിതരണ ശൃംഖലയിലേക്കു വെള്ളം തുറന്നു വിടുമ്പോൾ പല സ്ഥലങ്ങളിലും പൈപ്പുകൾ പൊട്ടുന്നതായി കാണുന്നു. ആയതിനാൽ ഇപ്പോൾ നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly